ഉത്തരം

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 1728 കൊലപാതകങ്ങളും, 1756 കൊലപാതകശ്രമങ്ങളും ഉണ്ടായിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു.

ജില്ല	കൊലപാതകം	കൊലപാതകശ്രമം
തിരുവനന്തപുരം	187	203
കൊല്ലം	151	217
പത്തനംതിട്ട	88	77
ആലപ്പുഴ	76	125
കോട്ടയം	112	107
ഇടുക്കി	154	65
എറണാകുളം	140	173
തൃശ്ശൂർ	155	177
പാലക്കാട്	151	106
മലപ്പുറം	112	83
കോഴിക്കോട്	84	101
വയനാട്	69	40
കണ്ണൂർ	110	183
കാസർഗോഡ്	64	84
ക്രൈംബ്രാഞ്ച് വിഭാഗം	70	12
റെയിൽവേ പോലീസ് വിഭാഗം	5	3
ആകെ	1728	1756

തെളിയിക്കപ്പെടാത്ത കേസ്സുകൾ

55(1530) ശ്രീ. പി. രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെളിയിക്കപ്പെടാത്തതും രജിസ്റ്റർ ചെയ്യപ്പെട്ടതുമായ എത്ര കൊലപാതക കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയെല്ലാം എത്ര കാലപ്പഴക്കമുള്ളതെന്നറിയിക്കുമോ;

(സി) ഇത്തരം കേസ്സുകൾ തെളിയിക്കുന്നതിന് പ്രത്യേക സംവിധാനം ഉണ്ടാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 130 കേസ്സുകൾ

(ബി) കേസുകളുടെ കാലപ്പഴക്കം ചുവടെ കൊടുക്കുന്നു.

കാലപ്പഴക്കം	കേസ്സുകളുടെ എണ്ണം
ഒരു വർഷത്തിനു താഴെ	24
1 മുതൽ 2 വർഷം വരെ	17

LIBRARY ARCHIVES Kerala Legislative Assembly

2 മുതൽ 3 വർഷം വരെ	18
3 മുതൽ 4 വർഷം വരെ	20
4 മുതൽ 5 വർഷം വരെ	12
5 മുതൽ 6 വർഷം വരെ	3
6 മുതൽ 7 വർഷം വരെ	10
7 മുതൽ 8 വർഷം വരെ	4
8 മുതൽ 9 വർഷം വരെ	7
9 മുതൽ 10 വർഷം വരെ	5
10 മുതൽ 13 വർഷം വരെ	10
ആകെ	130

(സി)&(ഡി) തെളിയിക്കപ്പെടാത്ത കേസ്സുകൾ തെളിയിക്കുന്നതിന് പ്രത്യേക അന്വേഷണ സ്ക്വാഡുകൾ രൂപീകരിച്ച് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു. കൂടാതെ പ്രത്യേക കുറ്റാന്വേഷണ വിഭാഗമായ ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷണം നടത്തി തെളിയിക്കപ്പെടാത്ത കൊലക്കേസ്സുകൾ തെളിയിക്കപ്പെടുന്നുമുണ്ട്.

കൊലചെയ്യപ്പെട്ട മദ്യനിരോധന പ്രവർത്തകർ

56 (1531) ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര മദ്യനിരോധനപ്രവർത്തകർ കൊല ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) എവിടെയെല്ലാമാണ് ഇവർ കൊലചെയ്യപ്പെട്ടത്;

(സി) പോലീസിന്റെ കൺമുന്നിൽവച്ച് ഈ ഗണത്തിൽപ്പെട്ടവരുടെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്?

ഉത്തരം

(എ) രണ്ട്.

(ബി തിരുവനന്തപുരം ജില്ലയിൽ വെള്ളറട പോലീസ് സ്റ്റേഷന തിർത്തിയിൽപ്പെട്ട കൂതാളി എന്ന സ്ഥലത്ത്വച്ചും തൃശൂർ ജില്ലയിൽ ചായ്പാം കുഴി എന്ന സ്ഥലത്ത് വച്ചും.

(സി) 4.11.96-ന് രാത്രി 8.25 മണിക്ക് വ്യജചാരായം കയറ്റിവന്ന ലോറി വെള്ളറട പോലീസ് സ്റ്റേഷനതിർത്തിയിലുള്ള കൂതാളി എന്ന സ്ഥലത്ത് വച്ച് മദ്യവിരുദ്ധ സമിതി അംഗങ്ങളും പോലീസും ചേർന്ന് തടഞ്ഞ് പ്രതികളെ പോലീസ് അറസ്റ്റ് ചെയ്യാൻ ശ്രമിച്ച സമയം ലോറി മുന്നോട്ട് ഓടിച്ച് മദ്യവിരുദ്ധ പ്രവർത്തകനായ രാജേന്ദ്രൻ മരണപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ട്.

ബാലചന്ദ്രൻ പിള്ളയുടെ ദുരൂഹമരണം

57 (1532) ശ്രീമതി ആർ. ലതാദേവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly